# കെ. കെ കുമാരപിള്ള സ്മാരക
# ഗവ. ഹൈസ്കൂൾ കരുമാടി





# പട്ടം
# 2.0

Little KITEs

# എഡിറ്റോറിയൽ

ലിറ്റിൽ കൈറ്റ്സ്.

വിവര സാങ്കേതികവിദ്യയുടെ അനന്തസാധ്യതയിലേക്ക്

ഞങ്ങളെ കൈപിടിച്ചെത്തിച്ച കൂട്ടായ്മ.

പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക്

വിവര സാങ്കേതികവിദ്യയിൽ വളരാൻ ഏറെ സഹായിക്കുന്ന ക്ലബ്ബ്.

കെ.കെ കുമാരപിള്ള സ്മാരക ഗവ. ഹൈസ്കൂൾ

എന്ന വിദ്യാലയമുത്തശ്ശിയുടെ ആദ്യത്തെ ലിറ്റിൽ കൈറ്റ്സ് മക്കളാണ്

എന്നത് ഞങ്ങൾക്ക് ഏറെ അഭിമാനം നൽകുന്നു.

ഞങ്ങളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ഞങ്ങൾ തയ്യാറാക്കിയ

ഡിജിറ്റൽ മാഗസിനാണ് പട്ടം 2.0

**ഇതിന് സഹായിച്ച എല്ലാവർക്കും നന്ദി.**

# ആശംസ

സ്കൂളിലെ ലിറ്റിൽ കൈറ്റിന്റെ പ്രവർത്തനങ്ങൾ വളരെ മെച്ചപ്പെട്ട രീതിയിലാണ് നടക്കുന്നത്. കുട്ടികൾക്കുള്ള ക്ലാസ്സുകളും ക്യാമ്പ് പ്രവർത്തനങ്ങളും നിർദ്ദേശാനുസരണം തന്നെ നടന്നു. കൈറ്റ് മാസ്റ്റേഴ്സ് ആയ ബിനു സാറിന്റേയും റഹിയാനത്ത് ടീച്ചറിന്റേയും നേതൃത്വം ലിറ്റിൽ കൈറ്റ് ക്ലബ്ബ് ഇനിയും കൂടുതൽ മികവിലേക്ക് ഉയരട്ടെ എന്നാശംസിക്കുന്നു. 'പട്ടം 2.0' യ്ക്ക് എല്ലാ ആശംസകളും നേരുന്നു.

ഷൈനി വി

ഹെഡ് മിസ്ട്രസ്

# ഉള്ളടക്കം


കരുമാടി ഹൈസ്കൂളിന്റെ ചരിത്രം................................ 4

കരുമാടിക്കുട്ടൻ ...................................................... 5

പ്രതിഭയ്ക്കൊപ്പം നാളത്തെ പ്രതിഭകൾ ....................... 6

ഡോ. എ.പി.ജെ അബ്ദുൽ കലാം .............................. 7

പുതിയ മുഖം ......................................................... 8

കരുമാടിക്കാഴ്ചകൾ ................................................ 9

വെള്ളപ്പൊക്കം കരുമാടിയിൽ ................................ 12

ഡിജിറ്റൽ പൂക്കളം ................................................ 13

പി.എൻ. പണിക്കർ ............................................... 14

ഡിജിറ്റൽ പൂക്കളം ................................................. 15

എന്റെ കേരളം .......................................................16

ഒരിക്കൽ കൂടി ....................................................... 17

ഡിജിറ്റൽ പൂക്കളം ................................................. 18

മുത്തശ്ശിമാവ് കഥ പറയുന്നു ..................................... 19

അനന്ദുവിന്റെ ചക്കര ............................................. 20

അറിവിന്റെ തിരിനാളം .......................................... 21

കുട ........................................................................ 22

കൃഷി തന്നെ ജീവിതം ........................................... 23

നന്ദി ........................................................................ 24

# കരുമാടി ഹൈസ്കൂളിന്റെ ചരിത്രം



സ്വാതന്ത്ര്യ സമരഭൂമിയിൽ വിരിമാറു കാണിച്ച് ബ്രിട്ടീഷ് മേധാവിത്വത്തെ കടപുഴക്കിയെറിഞ്ഞ ധീരസമര നായകർ നിറഞ്ഞു നിൽക്കുന്ന നാടാണ് കരുമാടി. കരുമാടിക്കുട്ടൻ ചരിത്ര സ്മാരകവും ഗാന്ധിജിയുടെ പാദസ്പർശമേറ്റ മുസോവരി ബംഗ്ലാവും തകഴി സ്മാരകവും ഈ പ്രദേശത്താണ് നിലകൊള്ളുന്നത്. വിശാലമായ പാടശേഖരങ്ങളും തോടുകളും ഉൾക്കൊള്ളുന്ന ഈ പ്രദേശം ചേരാൻചെങ്കുട്ടവന്റേയും ചെമ്പകശ്ശേരി ദേവനാരായണൻമാരുടേയും മാർത്താണ്ഡവർമ്മയുടേയും ഭരണത്തിലിരുന്നിട്ടുണ്ട്.

കർഷകത്തൊഴിലാളികളും പാവപ്പെട്ടവരും തിങ്ങിപ്പാർക്കുന്ന കരുമാടി ഗ്രാമത്തിലെ അക്ഷര സ്നേഹികളുടെ കഠിന പ്രയത്നത്തിന്റെ ഫലമായി 1905 ലാണ് സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. അന്ന് 15 സെന്റ് സ്ഥലം സംഭാവനയായും വിലനൽകിയും സ്വീകരിച്ച് എൽ.പി. സ്കൂൾ തുടങ്ങുകയുണ്ടായി. സ്കൂളിന്റെ തുടക്കം ബുദ്ധിമുട്ടായപ്പോൾ 1915 ൽ സ്ഥലവും കെട്ടിടവും സർക്കാരിന് കൈമാറി. 1968 ലാണ് യു .പി സ്കൂളായി ഉയർത്തിയത്. 44 സെന്റ് സ്ഥലം നാട്ടുകാരും പി.ടി.എ.യും ചേർന്ന് വിലക്ക് വാങ്ങി. അതിനു ശേഷം മുൻ എം.എൽ.എ. കെ.കെ. കുമാരപിള്ളയുടേയും മുൻ ഗ്രാമ പഞ്ചായത്ത് അംഗം മീനാക്ഷിയമ്മയുടേയും ശ്രമഫലമായി ഒരേക്കർ ആറ് സെന്റ് സ്ഥലം കൂടി വാങ്ങി. തുടർന്ന് 1980 ൽ യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തി. ഇതിന് ശേഷം കിഴക്കുഭാഗത്ത് 17.5 സെന്റ് സ്ഥലവും പടിഞ്ഞാറ് ഭാഗത്ത് 82.5 സെന്റ് നിലവും വിലയ്ക്ക് വാങ്ങി സർക്കാരിലേക്ക് നൽകി. ഇതാണ് കരുമാടി സ്കൂളിന്റെ ചരിത്രം. പ്രീ പ്രൈമറി മുതൽ 10-ാം ക്ലാസുവരെ 533 കുട്ടികൾ ഇന്ന് ഈ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്. കുട്ടനാട് വിദ്യാഭ്യാസ ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ സ്കൂളാണിത്.

# കരുമാടിക്കുട്ടൻ

അമ്പലപ്പുഴ-തിരുവല്ല റോഡിൽ കരുമാടിയിൽ സ്ഥിതി ചെയ്യുന്ന ഒരു പ്രമുഖ ബുദ്ധ തീർത്ഥാടന കേന്ദ്രമാണ് 'കരുമാടിക്കുട്ടൻ'. പതിനൊന്നാം നൂറ്റാണ്ടിൽ നിർമ്മിതമായ കറുത്ത കരിങ്കല്ലിലുള്ള ഒരു പ്രത്യേക ബുദ്ധ പ്രതിമയാണിത്. കരുമാടിത്തോട്ടിൽ വളരെ കാലമായി അറിയപ്പെടാതെ കിടന്നിരുന്ന വിഗ്രഹം സംരക്ഷിച്ചെടുത്തത് സർ റോബർട്ട് ബ്രിസ്റ്റോ ആയിരുന്നു. 'കരുമാടി' എന്ന പ്രദേശത്ത് നിന്ന് ലഭിച്ചതിനാലാണ് ഇതിന് 'കരുമാടിക്കുട്ടൻ' എന്ന് പേര് വന്നത്. കേരളത്തിൽ ബുദ്ധമതം വളരെ പ്രചാരം നേടിയിരുന്നു എന്നതിന് തെളിവായിട്ടാണ് ചരിത്രകാരൻമാർ ഈ ബുദ്ധപ്രതിമയെ കാണുന്നത്. ഇന്ന് കേരളാ പുരാവസ്തു വകുപ്പിന്റെ സംരക്ഷണയിലാണ് ഈ മണ്ഡപം. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിദേശങ്ങളിൽ നിന്നും ആളുകൾ അനുഗ്രഹം തേടാൻ ഇവിടെയെത്തുന്നു.






# പ്രതിഭയ്ക്കൊപ്പം നാളത്തെ പ്രതിഭകൾ

ശിശുദിനത്തിൽ കരുമാടി കെ കെ കുമാരപിള്ളസ്മാരക ഗവൺമെന്റ് ഹൈസ്കൂളിലെ തിരഞ്ഞെടുക്കപ്പെട്ട 15 വിദ്യാർത്ഥികൾ അധ്യാപകർക്കൊപ്പം പ്രശസ്ത സാഹിത്യകാരൻ കാവാലം ബാലചന്ദ്രനെ അദ്ദേഹത്തിന്റെ വീട്ടിലെത്തി പൂച്ചെണ്ട് നൽകിയും പൊന്നാട അണിയിച്ചും ആദരിച്ചു. വിദ്യാലയം പ്രതിഭയ്ക്ക് ഒപ്പം എന്ന പൊതുവിദ്യാഭ്യാസവകുപ്പിന്റെ കർമ്മ പരിപാടിയുടെ ഭാഗമായിട്ടാണ് കുട്ടികൾ കാവാലം ബാലചന്ദ്രനെ കാണാനെത്തിയത്. രോഗത്തിന്റെ അവശതകൾ മറച്ചുകൊണ്ട് കുട്ടികളുമായി അദ്ദേഹം ഒരു മണിക്കൂറോളം സംവദിച്ചു. പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ ആണെന്നും സർക്കാർ സ്കൂളുകളിലെ കുട്ടികൾ ഏതു രംഗത്തും മികച്ചവരാണെന്നും പത്താംക്ലാസ് വരെ മാതൃഭാഷ മാധ്യമത്തിൽ തന്നെ പഠിക്കണം എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അദ്ധ്യാപകരായ രാജശ്രീ, പ്രേമലത, ഉമേഷ് എന്നിവർ കുട്ടികളെ അനുഗമിച്ചു. വിദ്യാർത്ഥികളുടെ പ്രതിനിധി ആർ. ഗൗരിനന്ദന നന്ദി പറഞ്ഞു.



# ഡോ. എ.പി.ജെ അബ്ദുൽ കലാം



ഇന്ത്യയുടെ പതിനൊന്നാമത്തെ രാഷ്ട്രപതിയാണ് ഡോ. എ.പി.ജെ അബ്ദുൽ കലാം. 1931 ഒക്ടോബർ 15 ന് തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ചു. പ്രശസ്തനായ മിസൈൽ സാങ്കേതികവിദ്യാ വിദഗ്ധനും എഞ്ചിനീയറുമായിരുന്നു അദ്ദേഹം.

ബഹിരാകാശ എഞ്ചിനീയറിംഗ് പഠനത്തിന് ശേഷം പ്രതിരോധ ഗവേഷണ കേന്ദ്രം, ബഹിരാകാശ ഗവേഷണ കേന്ദ്രം എന്നീ സ്ഥാപനങ്ങളിൽ ഉന്നത പദവി വഹിച്ചിട്ടുണ്ട്. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റെയും ബാലിസ്റ്റിക് മിസൈലിന്റെയും വികസനത്തിനും ഏകോപനത്തിനും മറ്റും അബ്ദുൽ കലാം വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. മിസ്സൈൽ സാങ്കേതിക വിദ്യയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ കണക്കിലെടുത്ത് അദ്ദേഹത്തെ 'ഇന്ത്യയുടെ മിസൈൽ മനുഷ്യൻ' എന്ന് വിശേഷിപ്പിക്കാറുണ്ട്. പൊക്രാൻ അണ്വായുധ പരീക്ഷണത്തിനു പിന്നിൽ സാങ്കേതികമായും ഭരണപരമായും അദ്ദേഹം സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

രാഷ്ട്രത്തിന്റെ ഭാവിയെ കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള രാഷ്ട്രതന്ത്രജ്ഞൻ കൂടിയായിരുന്നു അദ്ദേഹം. വിവിധ വിദ്യാലയങ്ങൾ സന്ദർശിച്ച് അവിടുത്തെ വിദ്യാർത്ഥികളുമായി സംവദിക്കുക എന്നത് കലാമിന് ഇഷ്ടമുള്ള കാര്യമായിരുന്നു. അഴിമതി വിരുദ്ധ ഇന്ത്യ സൃഷ്ടിക്കുവാനായി യുവജനങ്ങളെ ബോധവത്ക്കരിക്കുന്ന ദൗത്യവും അദ്ദേഹം ഏറ്റെടുത്ത് നടത്തിയിരുന്നു. 2015 ജൂലൈ 27 ന് 84-ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു.

# <u>പുതിയ മുഖം</u>

## കെ.കെ. കുമാരപിള്ള സ്മാരക ഗവ. ഹൈസ്കൂളിൽ
## 2019-2020 അദ്ധ്യയന വർഷത്തിൽ നടക്കുന്ന
## നിർമ്മാണ പ്രവർത്തനങ്ങൾ

സ്കൂളിന്റെ വടക്കുഭാഗത്തായി ശ്രീ തോമസ് ചാണ്ടി എം. എൽ. എയുടെ 50 ലക്ഷം രൂപ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന സ്കൂൾ കെട്ടിടത്തിന്റെ പണികൾ പൂർത്തിയായി വരുന്നു.

ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് 2019- 2020 വർഷത്തെ സ്കൂളിന്റെ പെയിന്റിംഗ് ഭംഗിയായി പൂർത്തീകരിച്ചു.

ജില്ലാ പഞ്ചായത്തിന്റെ തന്നെ 20 ലക്ഷം രൂപ ഉപയോഗിച്ച് സ്കൂൾ കമ്പ്യൂട്ടർ ലാബിന്റെ മുകളിൽ ട്രസ്സ് വർക്കിംഗ് ചെയ്തു. വശങ്ങളിൽ അയൺ പാനൽ പിടിപ്പിച്ചു.

നവീകരിച്ച പൈതൃക കെട്ടിടം, യു.പി കെട്ടിടം എന്നിവ സീലിംഗ് ചെയ്തു.

ജില്ലാ പഞ്ചായത്തിന്റെ തന്നെ ഫണ്ട് ഉപയോഗിച്ച് അസംബ്ലി പന്തലിന്റെ പണികൾ ആരംഭിക്കാനുള്ള തയ്യാറെടുപ്പുകൾ നടക്കുന്നു

# കരുമാടിക്കാഴ്ചകൾ






2020.01.26 09:44


"കുട്ടനാടിന് ഒരു കൈത്താങ്ങ്"
ഉപകരണ വിതരണോദ്ഘാടന
ഉദ്ഘാടനം
2020 ജനുവരി 1


കെ.കെ കുമാരപിള്ള
സ്മാരക ഗവ: ഹൈസ്കൂൾ, കരുമാടി
എക്സലൻഷ്യ
മികവുകൾക്ക് ആദരം
2020.01.26 10:38











2019.11.14 11:00












# വെള്ളപ്പൊക്കം കരുമാടിയിൽ

2018 ആഗസ്റ്റ് 15-ാം തീയതിയോട് കൂടി ആരംഭിച്ച മഴ തുടർന്നുള്ള ദിവസങ്ങളിൽ അതിശക്തമാകുകയും രൂക്ഷമായ വെള്ളപ്പൊക്കം ഉണ്ടാകുകയും ചെയ്തു. ആദ്യ ദിവസങ്ങളിൽ ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിച്ച ഈ വിദ്യാലയത്തിനും വെള്ളപ്പൊക്ക ഭീഷണിയുണ്ടായി. താരതമ്യേന ഉയർന്ന പ്രദേശമായിട്ടും ക്ലാസ് മുറികളിലും ഓഫീസിലും കമ്പ്യൂട്ടർ ലാബിലുമൊക്കെ വെള്ളം കേറുകയുണ്ടായി. ശക്തമായ വെള്ളപ്പൊക്കത്തെ തുടർന്ന് സ്കൂളിന്റെ ചുറ്റുമതിലിന്റെ ഏറിയ പങ്കും തകർന്നുവീണു. കമ്പ്യൂട്ടർ ലാബിനുള്ളിൽ വെള്ളം കയറിയതിനാൽ യു.പി.എസ്സുകൾക്ക് നാശം സംഭവിച്ചു.

വെള്ളപ്പൊക്കം മൂലം മലിനമാക്കപ്പെട്ട സ്കൂളും പരിസരവും ആലപ്പുഴ വിദ്യാഭ്യാസ ജില്ലയിലെ അധ്യാപകർ, ഡി.ഡി, ഡി. ഇ.ഒ.മാർ, ഡി.പി.ഐ. തുടങ്ങിയവരുടെ നേതൃത്വത്തിൽ ഫയർഫോഴ്സിന്റെ സഹായത്തോടെ ശുചീകരിച്ചു. നിരവധി സുമനസ്സുകൾ സ്കൂളിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി. എല്ലാം അതിജീവിച്ചു കൊണ്ട് 100 % വിജയത്തോട് കൂടി ഉന്നത ഗ്രേഡ് കരസ്ഥമാക്കാൻ കുട്ടികൾക്ക് കഴിഞ്ഞു.




# ഡിജിറ്റൽ പൂക്കളം




എവിൻ സുമോദ് (9 A)

# പി.എൻ. പണിക്കർ

കോട്ടയം ജില്ലയിലെ ചങ്ങനാശേരിയ്ക്കടുത്ത് നീലമ്പേരൂരിലാണ് പി.എൻ പണിക്കർ ജനിച്ചതും വളർന്നതും. ഗ്രന്ഥശാല പ്രവർത്തനം ആരംഭിച്ചതും ഇവിടെ വെച്ച് തന്നെ. പിന്നീട് അമ്പലപ്പുഴയിലെത്തി പി.കെ മെമ്മോറിയൽ ഗ്രന്ഥശാല രൂപീകരിക്കുകയും കേരള ഗ്രന്ഥശാലാ സംഘത്തിന്റെ പിറവിയ്ക്ക് വഴിതെളിക്കുകയും ചെയ്തു. അമ്പലപ്പുഴയിൽ നിന്നുമാണ് പി.എൻ പണിക്കർ തന്റെ കേരളമാകമാനമുള്ള അക്ഷര യാത്രയ്ക്ക് തുടക്കമിട്ടത്. അദ്ദേഹം കത്തിച്ചു വെച്ച ആ ദീപ നാളത്തിന്റെ പ്രഭ അക്ഷര സ്നേഹികളുടെ കാലമുള്ളിടത്തോളം കേരളത്തിൽ ഒളിമങ്ങാതെ നിൽക്കും



# ഡിജിറ്റൽ പൂക്കളം



**അരുന്ധതി വർമ (10 C)**

# എന്റെ കേരളം

പാട്ടും പുഴകളും തോടും- മോടി
കൂട്ടും മലരണിക്കാടും
നീളേ കളകളം പാടും- കാട്ടു
ചോലയുമാമണിമേടും
വെള്ളിയരഞ്ഞാണപോലേ- ചുറ്റും
തുള്ളിക്കളിക്കും കടലും
കായലും നീല മലയും- നീളേ
കോരിത്തരിക്കും വയലും
പീലിനിവർത്തി നിന്നാടും - കൊച്ചു
കേരമരതകത്തോപ്പും
നീളേ കുളിരൊളി തിങ്ങീ - എന്റെ
കേരളമെന്തൊരു ഭംഗി!

**ഗോപാലകൃഷ്ണൻ കോലഴി**





# ഒരിക്കൽ കൂടി


ഒരിക്കൽ കൂടി ആ കാലത്തിലേക്ക് തിരിച്ച് പോകുവാൻ അവൾ ആഗ്രഹിച്ചു. ഇടവപ്പാതി മഴയിൽ മരങ്ങളും ഇലകളും മണ്ണും കുതിർന്നു കിടക്കുന്നു. അവളുടെ മനസ്സിൽ അച്ഛന്റെ ഓർമ്മകൾ അവളറിയാതെ കടന്നു വന്നു. അച്ഛന്റെ കൈകളിൽ പിടിച്ച് നടക്കുമ്പോൾ ഒന്നിനേയും അവൾ ഭയപ്പെട്ടിരുന്നില്ല. ആ കുഞ്ഞ് കൈകൾ അച്ഛൻ ഭദ്രമായി ചേർത്തു പിടിച്ചിരുന്നു. അച്ഛനെ ചിതയിലേക്ക് എടുത്തപ്പോൾ വിറക് കൊള്ളികൾക്ക് ഇടയിലൂടെ അച്ഛന്റെ കൈകൾ അവൾ കണ്ടു. ഇനി ഒരിക്കലും മുറുക്കിപ്പിടിക്കാൻ പറ്റാത്തിടത്തോളം അകലെയായി.

ശ്രീജ കെ

M/o ദൃശ്യ എച്ച് (10 C)



# ഡിജിറ്റൽ പൂക്കളം



**അമ്പാടിമോൾ (10 C)**

# മുത്തശ്ശിമാവ് കഥ പറയുന്നു

കുട്ടികളേ, എല്ലാവരും കളിച്ചു തളർന്നോ ? എന്റെ തണലിൽ വന്നിരുന്നോളൂ. ഞാൻ നിങ്ങൾക്ക് എന്റെ കഥ പറഞ്ഞുതരാം.

ഒരുപാടു കാലം മുമ്പ്, അതാ, ആ കാണുന്ന വയലിന്റെ അക്കരെ ഒരു മാവുണ്ടായിരുന്നു. പടർന്നു പന്തലിച്ചു നിന്ന ഒരു തേന്മാവ്. അതായിരുന്നു എന്റെ അമ്മ.

അമ്മമാവിന്റെ ഉച്ചിയിലെ ഒരു ഉണ്ണി മാങ്ങയായിരുന്നു ഞാൻ. മാസങ്ങൾക്കു ശേഷം ഞാനൊരു മുഴുത്ത മാമ്പഴമായി. അന്നൊക്കെ എന്നെ കാണേണ്ടതായിരുന്നു. മഞ്ഞയും ഓറഞ്ചും കലർന്ന് തുടുത്ത ഒരു മാമ്പഴം. ഞങ്ങൾ കൂട്ടുകാരെല്ലാം കാറ്റിലാടി രസിച്ചു കഴിഞ്ഞ കാലം. ഞങ്ങളെല്ലാം ഒരു കുലയിൽ മുട്ടിയിരുന്നു തമാശകൾ പറഞ്ഞ് രസിക്കുകയായിരുന്നു. അപ്പോഴാ അതു സംഭവിച്ചത്. ഒരു കാക്ക വന്ന് എന്നെ ഒരു കൊത്ത്. 'പ്ധും', ഞാൻ ഞെട്ടറ്റു താഴെ. മാഞ്ചുവട്ടിൽ കളിക്കുന്ന കളിക്കുന്ന കുട്ടികൾക്ക് മുമ്പിലാണ് ചെന്നു വീണത്. അതിലൊരുത്തൻ ഓടി വന്ന് എന്നെ എടുത്തു. എന്റെ തേൻമധുരമൂറുന്ന ഭാഗങ്ങൾ കഷണങ്ങളാക്കി അവൻ കൂട്ടുകാർക്ക് പങ്കുവച്ചു. മാങ്ങയണ്ടി മാത്രം ബാക്കിയായി. അവനത് ഒരു കടലാസിൽ പൊതിഞ്ഞു കൈയിൽ വച്ചു. " ഇത് ഞാൻ വീട്ടിൽ പറമ്പിൽ കുഴിച്ചിടും "- ആ മിടുക്കൻ പറഞ്ഞു.

അവൻ പറഞ്ഞതു പോലെ ചെയ്തു കേട്ടോ. മഴക്കാലമായി മഴവെള്ളത്തിൽ നനഞ്ഞു കുതിർന്ന ഞാൻ മെല്ലെ മുളച്ചുപൊന്തി. ചുവപ്പു കലർന്ന തവിട്ടു നിറമുള്ള ഇലകൾ എന്നും അവൻ വന്ന് തൊട്ടു നോക്കും. കാലം കുറേ കഴിഞ്ഞു. ഞാൻ വലുതായി. ഞങ്ങൾ വൻമരങ്ങൾ അങ്ങനെയാണ്. ഒരുപാടൊരുപാട് വളരും. കൊമ്പുകളും ചില്ലകളും വളർന്നപ്പോൾ പല പക്ഷികളും കൂട്ടുകൂട്ടാനെത്തി. പക്ഷികൾ മാത്രമല്ല പാർക്കാനെത്തിയത്. അണ്ണാനും ചിതലിനും ചിലന്തിക്കും ഉറുമ്പിനുമൊക്കെ താമസിക്കാൻ ഞാൻ ഇടം നൽകി. കുട്ടികൾ എന്റെ തണലിലിരുന്ന് കളിച്ചു. വിശ്രമിച്ചു. അവർക്കൊക്കെ ഞാൻ വയറു നിറയെ ചക്കരമാമ്പഴം കൊടുത്തു.

ഇപ്പോൾ ഞാനൊരു മുത്തശ്ശിയായി. എന്റെ മക്കളും പേരക്കിടാങ്ങളുമൊക്കെ
എവിടെയാണാവോ ? എന്നാലും ഇനിയും കുറേക്കാലം ഞാൻ ഉണ്ടാവും,
തണലും മധുരവും തന്ന്.



# അനന്ദുവിന്റെ ചക്കര

അനന്ദു എന്നും രാവിലെ ഉറക്കം ഉണർന്നാൽ ആദ്യം പോകുന്നത് അവന്റെ ചക്കരയുടെ അടുത്താണ് .

ആരാണ് ഈ ചക്കര എന്നല്ലേ.

അത് അവന്റെ വളരെ ഭംഗിയുള്ള പശു കുട്ടിയാണ് .ഇപ്പം രണ്ടു മാസം

പ്രായമാണ് അതിന് ഉള്ളത്. അതിന്റെകൂടെ കളിക്കാനും
അതിന് പുല്ല് കൊടുക്കാനുമാണ് അവന് ഇഷ്ടംചക്കരയ്ക്കും അവനെ വളരെ ഇഷ്ടമാണ് അവനെ കണ്ടാൽ അവൾ തല കുലുക്കി അടുത്ത് വരും

അവരു തമ്മിൽ അത്ര സ്നേഹമാണ്.
ഒരു ദിവസം അവന് ഒരു സംശയം

എന്താണ് അമ്മേ ചക്കര നമ്മളെ പോലെ ആവാത്തത്. അമ്മ പറഞ്ഞു നമ്മൾ

മനുഷ്യരാണ്.അവർ മൃഗങ്ങളാണ്. അവർക്ക് ഒരിക്കലും നമ്മളെപ്പോലെ നടക്കാനും

ചിരിക്കാനും കളിക്കാനും കഴിയില്ല.

അത് മനുഷ്യർക്ക് മാത്രം ഉള്ള കഴിവാണ്. അതുകൊണ്ടാണ് നമ്മൾ

മനുഷ്യർ അഹങ്കാരികൾ ആയത്.

അവർ മൃഗങ്ങളെ കളിയാക്കുന്നത്.

ഒരിക്കലും നമ്മൾ ഒന്നിനേയും വെറുക്കാനും നശിപ്പിക്കാനും പഠിക്കരുത്. സ്നേഹം അതാണ്

ഏറ്റവും വലിയ മരുന്ന്. അപ്പം അനന്ദു പറഞ്ഞു അമ്മേ എനിക്ക് എല്ലാം മനസ്സിലായി.

ഇനിഒരിയ്ക്കലും ഞാൻ ആരേയുംഒന്നിനേയും ഉപദ്രവിക്കില്ല.

ബിന്ദു വി നായർ



# അറിവിന്റെ തിരിനാളം

അറിവില്ലാത്തവർക്ഷരമേകുന്ന
അറിവിൻ വിളക്കാണ് അധ്യാപകർ
പൂമ്പാറ്റയായി പറക്കുന്ന മക്കൾക്ക് തേൻ പകർന്നീടുന്ന പൂക്കളല്ലോ

പടവുകൾ താണ്ടി ഉയരത്തിലെത്തുമ്പോൾ
കാൽ തെറ്റി വീഴാതെ കാക്കുമവർ
തെറ്റും ശരിയും പഠിപ്പിക്കുന്നതിനൊപ്പം
വിജ്ഞാനമേകി വിജയിപ്പിക്കും

അച്ഛനായി അമ്മയായി കൂട്ടുകാരായി
ഓരോ ചുവടുകൾക്കൊപ്പമവർ
അറിവില്ലായ്മ തൻ ഇരുട്ടിൽ പിടയുമ്പോൾ
ഒരു കുഞ്ഞു തണലായി എത്തിടുന്നു.

എത്ര ഉയരത്തിലെത്തിയാലും
നന്ദിയോടോർക്കും അവരെ നമ്മൾ
അറിവേകി തണലേകി തിരിനാളമാകുന്ന
നൻമയാം എന്റെയീ അധ്യാപകർ

നന്ദന വേണുഗോപാൽ
9 A

# കുട

അനുവിന്റെ കുട വളരെ മനോഹരമായിരുന്നു. നിറപ്പകിട്ടുള്ള വർണ്ണക്കുട . കുട്ടികൾ അസൂയയോടെ കുട നോക്കി നിന്നു. വിദേശത്തു നിന്നും അമ്മാവൻ കൊണ്ടു വന്നതാണ്. അന്നു മുഴുവൻ ക്ലാസിലെ പ്രധാന ചർച്ച അനുവിന്റെ കുടയെ കുറിച്ചായിരുന്നു.

വൈകുന്നേരം സ്കൂൾ വിട്ടു. മഴ പെയ്യാൻ തുടങ്ങി. മനു ആഹ്ലാദത്തോടെ തന്റെ പുതിയ കുടയുമായി വീട്ടിലേയ്ക്ക് നടന്നു. വഴിയരികിലെ മാവിൻ ചോട്ടിൽ നനഞ്ഞു കുതിർന്ന് മനു നിൽക്കുന്നു. അനു അവനെ തന്റെ കുടയിൽ കയറ്റി വീട്ടിലെത്തിച്ചു. ചോർന്നൊലിക്കുന്ന കൊച്ചു വീട്. അനുവിന് അവനോട് സഹതാപം തോന്നി. അനു തന്റെ കുട മനുവിന് നൽകി. മനുവിന്റെ കുഞ്ഞിക്കണ്ണുകൾ സന്തോഷത്താൽ നിറഞ്ഞു.

വിജയശ്രീ സലിൽ
M/o Arundhathy Varma (10 C)



# കൃഷി തന്നെ ജീവിതം

നീലാകാശത്തിലൂടെ സമാധാനത്തിന്റെ സന്ദേശം പരത്തി ഏവരേയും സന്തോഷിപ്പിച്ച് കൊണ്ട് അവർ പോകുകയാണ്, വെള്ളരിപ്രാവുകൾ. കിഴക്കുദിക്കിൽ കുങ്കുമപൊട്ട് തൊട്ടു കഴിഞ്ഞു. വളരെ വേഗത്തിൽ ഒരാൾ പാടവരമ്പിലൂടെ നടന്നു നീങ്ങുന്നു. പാടവരമ്പിലെ പുൽക്കൊടികൾ റാണിമാരെ പോലെ സൂര്യകിരീടം ചാർത്തി നിൽക്കുന്നു. വയലിലെ നെൽച്ചെടികൾക്ക് കതിരു വരാൻ തുടങ്ങി . അയാളുടെ മുഖത്ത് ഒരു ചെറുപുഞ്ചിരി വിടർന്നു.

വീട്ടിൽ വന്ന് തന്റെ ഭാര്യയിൽ നിന്നും വെള്ളം വാങ്ങിക്കുടിച്ച ശേഷം പറമ്പിലുള്ള പച്ചക്കറികൾ പറിക്കാൻ പോയി . കൃഷിയിൽ നിന്നു കിട്ടുന്ന വരുമാനമാണ് ആ കുടുംബത്തിന്റെ ഏക ആശ്രയം. കഴിഞ്ഞ തവണ കൃഷിയിലുണ്ടായ നഷ്ടം സംഭവിക്കരുതേ എന്ന പ്രാർത്ഥനയോടെ അയാൾ കിടന്നുറങ്ങി.

മാളവിക മധുസൂദനൻ

10 C

# നന്ദി

പട്ടം 2.0 യുടെ പിന്നിൽ പ്രവർത്തിച്ച

എല്ലാവർക്കും നന്ദി.

പ്രത്യേകിച്ച് ഹെഡ് മിസ്ട്രസിനും

കൈറ്റിന്റെ ചുമതലയുള്ള അധ്യാപകർക്കും

മറ്റെല്ലാ അധ്യാപകർക്കും

പ്രിയപ്പെട്ട കൂട്ടുകാർക്കും നന്ദി.

ചീഫ് എഡിറ്റർ